HON'BLE MR. A. THANU PILLAI : ഇപ്പോൾ ഈ രോഗത്തെപ്പറ്റി അതായത് തെങ്ങിന്റെ രോഗത്തെപ്പറ്റി അന്വേഷിക്കുന്നത് ഇൻഡ്യാ ഗവണ്മെൻറ് ആഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലാണ്. അതിനുള്ള അന്വേഷണങ്ങൾ നടത്തിവരികയാണ്. അതിനോട് സഹകരിക്കുകയാണെങ്കിൽ ഈ വക ജോലികൾ കൂടുതൽ ഫലപ്രദവും പ്രായോഗികവും ആയിരിക്കും.

MR. P. T. CHACKO : വല്ല പരിഹാരമാർഗ്ഗങ്ങളും ഇതുവരെ കണ്ടുപിടിച്ചിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : ഗവണ്മെൻറ് നിർദ്ദേശിച്ചിട്ടുള്ളത് ഇതൊക്കെയാണ്. കാലാകാലങ്ങളിൽ, പുരയിടം കിളച്ച്, തറ കട്ട പിടിച്ചുപോകാതെ ഇളക്കിയിടുക, മഴ കഴിഞ്ഞാൽ വേനലിനു മുമ്പായിട്ട മണ്ണ് കൂട്ടിയിടുക, പച്ചിലവളം വേണ്ടത്ര മണ്ണോട് കലർത്തിയിടുക, ധാരാളമായി ഓർഗാനിക്ക് വളങ്ങൾ അതായത്, പുണ്ണാക്ക്, എല്ലുപൊടി, മീൻപൊടി, ഇവ വേണ്ടതുപോലെ കലർത്തി ഇടുക, പുതന്ന, ദീനം പിടിച്ചുപടാത്ത, അതായത് ദീനത്തെ തടഞ്ഞുനിറുത്താൻ തക്ക ശേഷിയുള്ള ഉറച്ച വിത്തുകൾ പാകുക, ബോട്ടോ മിക്സ്ച്ചർ ദീനം ബാധിച്ചിട്ടുള്ള വൃക്ഷങ്ങളുടെ മുകളിൽ സ്പ്രേ ചെയ്യുക മുതലായവ.

MR. P. T. CHACKO : ഗവണ്മെൻറുവക കൃഷിത്തോട്ടത്തിലും വൃക്ഷങ്ങൾക്ക് ഈ രോഗം പിടിപെട്ടിട്ടുണ്ടെന്നറിയാമോ?

HON'BLE MR. A. THANU PILLAI : ഗവണ്മെൻറ് തോട്ടമായതുകൊണ്ട് ദീനം പിടിപെട്ടുകൂടെന്നില്ല.

MR. P. T. CHACKO : അപ്പോൾ ഈ വക പരീക്ഷണങ്ങൾ ഫലപ്രദമല്ലെന്നറിയാമോ?

HON'BLE MR. A. THANU PILLAI : അത് രോഗങ്ങളുടെ കാഠിന്യമനുസരിച്ചിരിക്കും. എങ്കിലും മിക്കവാറും രോഗങ്ങൾക്കൊക്കെ പരിഹാരം ഇതുകൊണ്ടുണ്ടാകും.

കൃഷിയായുധങ്ങൾ.

73. MR. C. NARAYANA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ?

വില്ലേജ് യൂണിയൻ വഴിയായോ മറ്റുവിധത്തിലോ കൃഷിയായുധങ്ങൾ ഇടപ്പള്ളിയിലും പ്രചരിപ്പിക്കുവാൻ കൃഷിഡിപ്പാർട്ടുമെൻറിനോടാജ്ഞാപിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. THANU PILLAI : വേണ്ടിടത്തോളം ഉപകരണങ്ങൾ കിട്ടിയാൽ വേണ്ട ഏർപ്പാട് ചെയ്യുന്നതാണ്.

പൊതുമന്ദിരങ്ങൾ.

74. MR. T. T. KESAVAN SASTRI (*Kunnathnad : I—Pulaya Reserved*) താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) കുന്നത്തുനാട് താലൂക്കിൽചേർന്ന, കോതകുളങ്ങര, മാണിക്കമംഗലം, മഞ്ഞപ്ര എന്നീ പകുതികളിലെ പുലയരുടെ ഉപയോഗത്തിനായി പൊതുമന്ദിരങ്ങൾ, ശ്മശാനങ്ങൾ, പയൽസ്കൂളുകൾ മുതലായ സ്ഥാപനങ്ങൾ നിർമ്മിച്ച് സഹായിക്കാൻ, അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്തു നടപടികൾ നടത്തിയെന്ന് പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN (*Minister for Local Self Govt.*) : (എ) അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അതനുസരിച്ച് സഹായിക്കുന്നതാണ് ഗവണ്മെൻറിന്റെ നയം.

(ബി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

പുലയകുടുംബങ്ങൾ.

75. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

കുന്നത്തുനാട് താലൂക്കിൽ ചേർന്ന അമ്പുവാ പകുതിയിലെ സ്ഥിരതാമസക്കാരായ പുലയകുടുംബങ്ങളുടെ ആകെ എണ്ണം എത്രയെന്നും, അതിൽ പാർക്കാൻ സ്വന്തം ഭൂമിയുള്ളവരുടെ എണ്ണം എത്രയെന്നും, അന്യരുടെ സ്ഥലങ്ങളിലെ കുടികിടപ്പുകാരുടെ എണ്ണം എത്രയെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : ഇതൊരു അസാദ്ധ്യമായ കണക്കാണ്. ഇത്തരം കണക്കെടുക്കുന്നത് പ്രായോഗികമായിരിക്കുകയില്ല. തിരുവിതാംകൂർ ഒട്ടാകെയുള്ള ഒരു സെൻസസ് എടുക്കാമെന്നല്ലാതെ ഓരോ താലൂക്കിലേയും പകുതിയിലേയും പുലയ്കുടുംബങ്ങളുടെ കണക്ക് എടുക്കുക എന്നുള്ളത് തൽക്കാലം പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly